ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (സി. എഫ്. തോമസ്):

(എ) സ്റ്റാമ്പ് ഡ്യൂട്ടി, സർച്ചാർജ്ജ് എന്നിവയിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ 12%, 14.5%, 15.5% എന്നിങ്ങനെയായിരുന്നത് യഥാക്രമം 6%, 7%, 8% എന്നിങ്ങനെയായി കുറച്ചിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടിയിലെ വെട്ടിപ്പ് തടയുന്നതിനായി ഭൂമിയുടെ ന്യായവില നിർണ്ണയിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇഷ്ടദാന, ഭാഗപത്ര നിരക്കുകളിൽ കുറവു വരുത്താത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

ക്രീമീലെയർ മാനദണ്ഡങ്ങൾ

*19 [169] ശ്രീ. എ.പി. മുരളി:
,, ഡൊമനിക് പ്രസന്റേഷൻ:
,, കെ. ബാബു:
,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് ഉദ്യോഗ നിയമനത്തിൽ സംവരണം നൽകുന്ന കാര്യത്തിൽ എന്തു തുകയ്ക്കുമേൽ വരുമാനമുള്ളവരെയാണ് ക്രീമിലെയറിൽപ്പെട്ടവരായി കണക്കാക്കുന്നത്;

(ബി) കേന്ദ്ര സംസ്ഥാന ഗവൺമെന്റ് സർവ്വീസുകളിലേക്കുള്ള നിയമനത്തിൽ ഉദ്യോഗാർത്ഥികൾ ക്രീമിലെയറിൽപ്പെട്ടവരാണോ എന്ന് തീരുമാനിക്കുന്നതിന് ഒരേ തോതിലുള്ള വരുമാനമാണോ നിശ്ചയിച്ചിട്ടുള്ളത്;

(സി) അല്ലാത്തപക്ഷം കേന്ദ്ര ഗവൺമെന്റിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും കാര്യത്തിൽ എന്തു തുകയ്ക്കുമേൽ വരുമാനമുള്ളവരെയാണ് ക്രീമിലെയറിൽപ്പെടുന്നതായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്;

(ഡി) ഈ തുക നിർണ്ണയിക്കുന്ന കാര്യത്തിൽ എന്തെല്ലാം വിധത്തിലുള്ള വരവുകളാണ് കണക്കാക്കുന്നത്;

(ഇ) കേന്ദ്ര സർവ്വീസിലും സംസ്ഥാന സർവ്വീസിലും നിയമനം നൽകുന്ന കാര്യത്തിൽ ക്രീമിലെയർ ഇല്ലാത്തതായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള സമുദായങ്ങൾ ഏതെല്ലാമാണ്;

(എഫ്) ഈ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ കുടുംബ വരുമാനം റിസർവേഷൻ അനുവദിക്കുന്ന കാര്യത്തിൽ പ്രസക്തമാണോ; ആണെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(ജി) ഈ സമുദായങ്ങളുടെ കാര്യത്തിൽ വരുമാനം പ്രസക്തമല്ലാത്തപക്ഷം പ്രസ്തുത സമുദായത്തിൽപ്പെടുന്നവർക്ക് സംവരണാനുകൂല്യങ്ങൾ ലഭിക്കുന്നതിന് ബന്ധപ്പെട്ട സർട്ടിഫിക്കറ്റിൽ വരുമാനം പറയുന്നതെന്തിനെന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് ഉദ്യോഗ നിയമനത്തിൽ സംവരണം നൽകുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ ഉദ്യോഗ നിയമനങ്ങളിൽ 3 ലക്ഷം (മൂന്നു ലക്ഷം) രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ളവരെയും കേന്ദ്ര സർക്കാർ ഉദ്യോഗ നിയമനങ്ങളിൽ ഒരു ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ളവരെയുമാണ് ക്രീമിലെയറിൽപ്പെട്ടവരായി കണക്കാക്കുന്നത്.

(ബി) അല്ല.

(സി) കേന്ദ്ര ഗവൺമെന്റിന്റെ കാര്യത്തിൽ ഒരു ലക്ഷം രൂപയും സംസ്ഥാന ഗവൺമെന്റിന്റെ കാര്യത്തിൽ 3 ലക്ഷം രൂപയുമാണ്.

(ഡി) ഭൂമിയിൽ നിന്നുമുള്ള വരവ്, വാടകയിനത്തിൽ ഉള്ളവരിൽ നിന്നും വാർഷിക സംരക്ഷണ ചെലവുകൾ കഴിച്ചുള്ള തുക ക്ലാസ്സ് 3, ക്ലാസ്സ് 4 ഒഴികെയുള്ള ഉദ്യോഗസ്ഥരുടെ കാര്യത്തിൽ ശമ്പളവും അലവൻസുകളും, പ്രൊഫഷണൽ ഇനത്തിലും വ്യവസായത്തിലും ഉൾപ്പെടുന്നതുമായവരുടെ വരുമാനം, മൂലധനം, നിക്ഷേപത്തിൽനിന്നുള്ള വരവ് എന്നിവയാണ് കണക്കാക്കുന്നത്.

(ഇ) 1993 സെപ്റ്റംബർ 8-ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരേയും പരമ്പരാഗതമായി കുലത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരേയും കേന്ദ്ര സർക്കാർ ക്രീമിലെയറിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ക്രീമിലെയറിൽ നിന്നും ഒഴിവാക്കിയിട്ടുള്ള വിഭാഗങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(എഫ്) അല്ല.

(ജി) നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുമ്പോൾ കുടുംബ വരുമാനം രേഖപ്പെടുത്താറില്ല.

ഖരമാലിന്യ സംസ്കരണത്തിനും ഡമ്പിംഗ് യാർഡ് സ്ഥാപിക്കുന്നതിനും ഉള്ള വ്യവസ്ഥകൾ

*20 [170] ശ്രീ. തോമസ് ചാഴികാടൻ:
" റോഷി അഗസ്റ്റിൻ:
" കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികൾ ഖരമാലിന്യ സംസ്കരണത്തിനും ഡമ്പിംഗ് യാർഡ് സ്ഥാപിക്കുന്നതിനും 1986-ലെ കേന്ദ്ര മലിനീകരണ നിയന്ത്രണ ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഡമ്പിംഗ് യാർഡ് സ്ഥാപിക്കുന്നതിന് തെരഞ്ഞെടുക്കുന്ന സ്ഥലങ്ങളെപ്പറ്റി പ്രസ്തുത നിയമത്തിൽ പ്രത്യേകം വിവക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങൾക്കടുത്ത് ഇത് സ്ഥാപിക്കുവാൻ പാടില്ലെന്ന് അറിയിക്കാമോ;

(സി) ഡമ്പിംഗ് യാർഡിന് സ്ഥലം കണ്ടെത്തുന്നതിനും ഒരുക്കുന്നതിനും പ്രസ്തുത നിയമത്തിൽ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വിശദീകരിക്കാമോ;

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly